ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:14.08.2026**

## പ്രധാനവാർത്തകൾ

1. എൺപതാമത് സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയും ദൂരദർശനും രാത്രി ഏഴ് മണിക്ക് അഭിസംബോധന തത്സമയം ജനങ്ങളിലെത്തിക്കും.
2. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ സർവ്വീസ് മെഡലുകൾ പ്രഖ്യാപിച്ചു. 1,057 ഉദ്യോഗസ്ഥർക്ക് അംഗീകാരം.
3. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നാളെ രാവിലെ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.
4. ആധുനിക കാലഘട്ടത്തിന് അനുസരിച്ച് പോലീസ് സേനയെ നവീകരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. 'മൈ പൊലീസ് സ്റ്റേഷൻ' പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം.

RNU TVPM

5. ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട മറ്റെന്നാൾ തുറക്കും. വെർച്വൽക്യൂ ബുക്കിംഗ് പുരോഗമിക്കുന്നു.

6. ഇന്ത്യ - ശ്രീലങ്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിന് നാളെ തുടക്കം.

❁❁❁❁❁❁❁❁❁❁❁❁❁

**രാഷ്ട്രപതി -അഭിസംബോധന**

സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെ എല്ലാ നിലയങ്ങളും രാത്രി 7 മണിക്ക് അഭിസംബോധന പ്രക്ഷേപണം ചെയ്യും. രാത്രി 9.30 ന് പ്രാദേശിക ഭാഷകളിൽ അഭിസംബോധനയുടെ പ്രക്ഷേപണം ഉണ്ടാകും. ദൂരദർശനിൽ ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലും അതാത് പ്രാദേശിക ഭാഷകളിലും രാഷ്ട്രപതിയുടെ അഭിസംബോധന സംപ്രേഷണം ചെയ്യും.

RIJUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**സ്വാതന്ത്ര്യ ദിനാഘോഷം**

¬എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ദേശീയപതാക ഉയർത്തിയശേഷം രാജ്യത്തെ അഭിസംബോധന ചെയ്യും. യുവശക്തിക്കും, ദേശീയഗീതമായ വന്ദേമാതരത്തിനുമാണ് സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ ഇത്തവണ പ്രാധാന്യം നൽകുന്നത്.

വന്ദേമാതരത്തിൻറെ 150 -ാം വാർഷികത്തിൽ ചുവപ്പ്കോട്ടയിൽ ഇക്കുറി ആദ്യമായി ദേശീയഗീതം ആലപിക്കുമെന്ന പ്രത്യേകതയുമുണ്ട്. സ്വാതന്ത്ര്യ ദിനാഘോഷങ്ങളോടനുബന്ധിച്ച് രാജ്യമെമ്പാടും ശക്തമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്തും വിപുലമായ പരിപാടികളാണ് നാളെ നടക്കുന്നത്. തലസ്ഥാന നഗരിയിലും, ജില്ലാ ആസ്ഥാനങ്ങളിലും നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും ഉൾപ്പെടെ പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**ഗാലന്ററി അവാർഡ്**

RNU TVPM

വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ സർവ്വീസ് മെഡലുകൾ പ്രഖ്യാപിച്ചു. പോലീസ്, ഫയർ സർവീസ്, ഹോം ഗാർഡ്, സിവിൽ ഡിഫൻസ്, ജയിൽ വകുപ്പ് എന്നീ വിഭാഗങ്ങളിലെ ആയിരത്തി 57 ഉദ്യോഗസ്ഥർക്കാണ് പുരസ്കാരം. 301 പേർ ഗാലൻററി പുരസ്കാരത്തിനും, 92 പേർ വിശിഷ്ട സേവനത്തിനുള്ള മെഡലിനും അർഹരായി. 664 ഉദ്യോഗസ്ഥർക്ക് സ്തുത്യർഹ സേവനത്തിനുള്ള മെഡലുകളും ലഭിച്ചു. കേരളത്തിൽ നിന്നും എസ്സ് പി ശശിധരൻ വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡലിന് അർഹനായി. പൊലീസ്, ഫയർസർവ്വീസ്, ജയിൽ വകുപ്പ് എന്നിവയിൽ നിന്നുള്ള 10

ഉദ്യോഗസ്ഥർ സ്തുത്യർഹ സേവനത്തിനുള്ള മെഡലിനും അർഹരായി.

❁❁❁❁❁❁❁❁❁❁❁❁❁

## ഗവർണർ

80-ാമത് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ജനങ്ങൾക്ക് ആശംസകൾ നേർന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. സ്വാതന്ത്ര്യവും സമത്വവും ഐക്യവും കാത്തുസൂക്ഷിക്കേണ്ടതും, ഓരോ പൗരന്റെയും അന്തസ്സും നീതിയും ഉറപ്പാക്കുന്ന ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കേണ്ടതും നമ്മുടെ കടമയാണെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## വുമൺ വാക്കത്തോൺ

PRNU TVPM

സ്വാതന്ത്ര്യദിനാഘോഷത്തിൻറെ ഭാഗമായി സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിക്കുന്ന വനിതകളുടെ ഒത്തുചേരൽ ഇന്ന് രാത്രി 9.30 മുതൽ തിരുവനന്തപുരത്ത് നടക്കും. നാളെ പുലർച്ചെ ഒരു മണി വരെയാണ് പരിപാടി. മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. പരിപാടിക്ക് ശേഷം തിരികെ പോകാൻ കെ.എസ്.ആർ.ടി.സി
പ്രത്യേക സർവീസുകൾ ക്രമീകരിച്ചിട്ടുണ്ട്.

## മൈ പൊലീസ് സ്റ്റേഷൻ (ഇൻട്രോ)

ആധുനിക കാലഘട്ടത്തിന് അനുസരിച്ച് പോലീസ് സേനയെ നവീകരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ജനസൗഹൃദ പൊലീസ് സംവിധാനത്തിന് നവീന മുഖം നൽകുന്ന 'മൈ പൊലീസ് സ്റ്റേഷൻ' പദ്ധതി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ തൂഫാൻ പോലെ മൈ പോലീസ് സ്റ്റേഷൻ പദ്ധതിയും ജനങ്ങൾ ഏറ്റെടുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

**(വോയിസ്)**

സമൂഹത്തിന് ഉണ്ടാകുന്ന മാറ്റത്തിനു അനുസൃതമായി സമൂലമായ മാറ്റങ്ങൾ പോലീസിലും ആവശ്യമാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

RNU TVPM

## വനിതാ യുദ്ധവിമാന പൈലറ്റ്

ഇന്ത്യയിലെ ആദ്യ വനിതാ യുദ്ധവിമാന പൈലറ്റായി യോഗ്യത നേടി വ്യോമസേന സ്ക്വാഡ്രൺ ലീഡർ ഭാവന കാന്ത് . ഗ്വാളിയോറിലെ ടാക്റ്റിക്സ് ആൻഡ് എയർ കോംബാറ്റ് ഡെവലപ്മെന്റ് കേന്ദ്രത്തിൽ നിന്നും ഫൈറ്റർ

കോംബാറ്റ് ലീഡറായി യോഗ്യത നേടുന്ന ആദ്യ വനിതാ ഓഫീസറെന്ന ചരിത്ര നേട്ടമാണ് ബിഹാർ സ്വദേശിയായ ഭാവന കാന്ത് സ്വന്തമാക്കിയത്.

**സൗജന്യ വൈഫൈ- കോഴിക്കോട് ( ഇൻട്രോ )**

കോഴിക്കോട് ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഗ്രാമ പഞ്ചായത്തുകൾ വഴി സൗജന്യ വൈഫൈ സംവിധാനമൊരുക്കാൻ പദ്ധതിയുമായി ബി.എസ്.എൻ.എൽ . ഗവൺമെന്റ് സബ്സിഡിയോടെ സൗജന്യ വൈഫൈ മോഡവും ഇൻസ്റ്റലേഷനും ലഭിക്കുന്ന ഭാരത് നെറ്റ് ഉദ്യമി പദ്ധതിയുടെ ആനുകൂല്യങ്ങൾ എല്ലായിടത്തും എത്തിക്കുകയാണ് ലക്ഷ്യം.
***ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്...... (വോയിസ് )***

**വിഭജനത്തിൻറെ ഭീകരത**

ഇന്ന്, വിഭജന ഭീതി അനുസ്മരണ ദിനം. 1947-ലെ ഇന്ത്യ-പാക് വിഭജനത്തിനിടെ ജീവൻ നഷ്ടപ്പെട്ടവർക്കും സമാനതകളില്ലാത്ത ദുരിതങ്ങൾ

RNUTVPM

അനുഭവിച്ചവർക്കും രാജ്യം ആദരാഞ്ജലി അർപ്പിച്ചു. 2021 മുതലാണ് ഓഗസ്റ്റ് 14 വിഭജന ഭീകരതാ അനുസ്മരണ ദിനമായി ആചരിച്ചു തുടങ്ങിയത്. വിഭജനം മൂലം ദുരിതമനുഭവിച്ചവരെ പ്രധാനമന്ത്രി നരേന്ദ്ര മോദി കേന്ദ്ര മന്ത്രിമാരായ അമിത് ഷാ, രാജ് നാഥ് സിങ് തുടങ്ങിയവർ അനുസ്മരിച്ചു.

**മഴ -കേരളം**

കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

RIU TVPM

**ശബരിമല**

ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട മറ്റെന്നാൾ വൈകിട്ട് അഞ്ചിന് തുറക്കും. പുതിയ തന്ത്രി കണ്ഠരര് ബ്രഹ്മദത്തൻ്റെ നേതൃത്വത്തിലാകും സന്നിധാനത്തെ ചടങ്ങുകൾ നടക്കുക. തിങ്കളാഴ്ച രാവിലെ അഞ്ചു മുതൽ പൂജകൾ ആരംഭിക്കും. ചിങ്ങമാസ

ദർശനത്തിനുള്ള വെർച്വൽക്യൂ ബുക്കിംഗ് പുരോഗമിക്കുകയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

**അത്തച്ചമയം**

ഓണാഘോഷങ്ങൾക്ക് ഔദ്യോഗിക തുടക്കം കുറിച്ച് തൃപ്പൂണിത്തുറ അത്തച്ചമയം മറ്റെന്നാൾ. തൃപ്പൂണിത്തുറ ഗവൺമെൻറ് ബോയ്സ് ഹൈസ്കൂളിലെ അത്തം നഗറിൽ രാവിലെ 9 ന് മുഖ്യമന്ത്രി വി.ഡി സതീശൻ ഘോഷയാത്ര ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മന്ത്രി അനൂപ് ജേക്കബ് അത്തപതാകയുയർത്തും.

❁❁❁❁❁❁❁❁❁❁❁❁❁

**കുടുംബശ്രീ(ഇൻട്രോ)**

സ്വകാര്യ കാറ്ററിങ് ഗ്രൂപ്പുകൾക്കൊപ്പം കുടുംബശ്രീയും ഓണസദ്യാ രംഗത്ത് സജീവമാകുന്നു.

***കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ബി എസ് എൻ എൽ**

RNU TVPM

മൊബൈൽ റീച്ചാർജുകൾ എളുപ്പത്തിൽ ചെയ്യാൻ പുതുതായി അവതരിപ്പിക്കുന്ന BSNL Self-Care ആപ്പിലൂടെ സാധിക്കുമെന്ന് ബിഎസ്എൻഎൽ കേരള ചീഫ് ജനറൽ മാനേജർ - ടെലികോം ആർ. സജി കുമാർ. തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിനോദ സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കാനും പുതിയ സെൽഫ് കെയർ ആപ്പ് സഹായിക്കുമെന്നും അദ്ദേഹം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**കണ്ണൂർ ആറളം ഫാം(ഇൻട്രോ)**

കണ്ണൂർ ആറളം ഫാമിലെ ആനമതിൽ നിർമ്മാണം ഡിസംബറിൽ പൂർത്തിയാക്കാൻ നിർദ്ദേശം. വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് മന്ത്രിമാരുടെ സംയുക്തസംഘം അടുത്ത മാസം ആറളം ഫാം സന്ദർശിക്കും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ക്രിക്കറ്റ്**

RJU TVPM

ഇന്ത്യ-ശ്രീലങ്ക ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരത്തിന് നാളെ തുടക്കം. ശ്രീലങ്കയിലെ ഗാലെ ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. രണ്ട് മത്സരങ്ങളുള്ള പരമ്പരയിലെ രണ്ടാം ടെസ്റ്റ് ഈ മാസം 23 മുതൽ 27 വരെ കൊളംബോയിൽ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**ഷൂട്ട് ദി റെയ്ൻ**

മഴക്കാല പന്തുകളിയായ 'ഷൂട്ട് ദി റെയ്ൻ' ഫുട്ബോൾ മത്സരങ്ങൾക്ക് എറണാകുളം മഹാരാജാസ് കോളെജ് സ്റ്റേഡിയത്തിൽ തുടക്കമായി. മന്ത്രി പി സി വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്തു. 38 ടീമുകളാണ് ഇത്തവണ മാറ്റുരയ്ക്കുന്നത്. മത്സരങ്ങൾ നാളെ സമാപിക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ഓഹരി +സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 303 പോയിന്റ് ഇടിഞ്ഞ് 77,773 ലും

നിഫ്റ്റി 72 പോയിന്റ് നഷ്ടത്തിൽ 24,321 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില കുറഞ്ഞു. പവന് 520 രൂപ താഴ്ന്ന്

ഒരു ലക്ഷത്തി 12,120 രൂപയും ഗ്രാമിന് 14,015 രൂപയുമാണ് ഇന്നത്തെ വില .

RNU TVPM